# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)
## സർക്കുലർ

എഫ് 3/28936/13 | തൈക്കാട്,തിരുവനന്തപുരം-14
തീയതി : 13/10/13

സർ,

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് വിഭാഗം ഗവ:ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ ട്രെയിനികളുടെ 2013 - ലെ പുന:പ്രവേശനം - സംബന്ധിച്ച് :-

സൂചന :- ട്രെയിനിംഗ് മാന്വൽ 19 (സി) അപ്പൻഡിക്സ് VIII(a)

2013 ജൂലൈയിൽ നടന്ന അഖിലേന്ത്യാ പരീക്ഷയ്ക്ക് 80% ഹാജർ തികയാത്തതിനാൽ പരീക്ഷ എഴുതുവാൻ കഴിയാതെ പോയ ഗവ / പ്രൈവറ്റ് ഐ.ടി.ഐ ട്രെയിനികൾക്ക് 2014 ജൂലൈയിൽ നടക്കുന്ന അഖിലേന്ത്യാ പരീക്ഷ എഴുതുന്നതിനായി പുന:പ്രവേശനം അനുവദിക്കുന്നതാണ്. ഓരോ ഐ.ടി.ഐ കളിലും പുന:പ്രവേശനത്തിന് അപേക്ഷിക്കുന്ന ട്രേഡിലുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പുന:പ്രവേശനം അനുവദിക്കുന്നത്.

പുന:പ്രവേശനത്തിനായുള്ള അപേക്ഷകൾ 2013 ഒക്ടോബർ 30-ന് മുമ്പായി ബന്ധപ്പെട്ട ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ 2013-ൽ ഓരോ ട്രേഡുകളിലുമുള്ള (സീനിയർ) ഒഴിവുകളുടെ റിപ്പോർട്ടും നിശ്ചിത തീയതിയ്ക്കുള്ളിൽ ലഭിച്ച അപേക്ഷയിന്മേലുള്ള ശുപാർശയും സഹിതം 2013 നവംബർ 15-ാം തീയതിയ്ക്കു മുമ്പായി നൽകേണ്ടതാണ്.

കാസർകോഡ് മുതൽ തൃശൂർ വരെയുള്ള ഗവ/പ്രൈവറ്റ് ഐ.ടി.ഐ.കൾ അപേക്ഷകൾ കണ്ണൂർ റീജിയണൽ ഡയറക്ടറേറ്റിലേയ്ക്കും മറ്റു ജില്ലകളിലുള്ളവർ ഈ കാര്യാലയത്തിലേയ്ക്കും അപേക്ഷകൾ അയച്ചു തരേണ്ടതാണ്.

ഇക്കാര്യത്തിൽ നിർദ്ദിഷ്ഠ സമയപരിധി കൃത്യമായും പാലിക്കേണ്ടതാണ്. പുനഃപ്രവേശനത്തിനുള്ള അപേക്ഷ ഈ വകുപ്പിന്റെ വെബ് സൈറ്റായ det.kerala.gov.in - ൽ നിന്നും ലഭ്യമാണ്.

വിശ്വസ്തതയോടെ

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾ മാർക്കും അവരവരുടെ അധികാര പരിധിയിൽ വരുന്ന പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് ഈ കത്തിന്റെ പകർപ്പ് അയച്ചു കൊടുക്കേണ്ടതാണ്.

പകർപ്പ് :-

ജോയിന്റ് ഡയറക്ടർ
റീജിയണൽ ഡയറക്ടറേറ്റ്
കണ്ണൂർ
( താങ്കളുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ റീ അഡ്മിഷൻ നടത്തുന്നതിനായ് )

| ക്രമ നം | ഗവ./പ്രൈവറ്റ് ഐ.ടി.ഐ യുടെ പേര് | ട്രേഡ് | അപേക്ഷ കളുടെ എണ്ണം | ഒഴിവ് | അപേക്ഷ കന്റെ പേര് | നിലവിലെ ഹാജർ ശതമാനം | 80% ഹാജർ തികയുന്നതിന് ഹാജരാകേണ്ട ദിവസങ്ങൾ | നിരസിക്കപ്പെട്ട അപേക്ഷകൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |
| | | | | | | | | | |

സ്ഥലം :
തീയതി :

പ്രിൻസിപ്പാളിന്റെ ഒപ്പ്

## 2014 ജൂലൈ മാസത്തെ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് ചേരുന്നതിന് (80%) ഹാജർ ശതമാനം തികയാൻ പുന:പ്രവേശനത്തിനുള്ള അപേക്ഷ.

സ്ഥാപനത്തിന്റെ പേര് : ട്രേഡ്:

**അപേക്ഷകൻ പൂരിപ്പിക്കേണ്ടത്**

| | | | |
|---|---|---|---|
| 1. | ട്രെയിനിയുടെ പേര് | : | |
| 2. | പരിശീലന കാലയളവ് (എന്നു മുതൽ എന്നു വരെ) | : | |
| 3. | അഡ്മിഷൻ നമ്പർ | : | |
| 4. | ജനന തീയതി | : | |
| 5. | സ്ത്രീ/പുരുഷൻ | : | |
| 6. | പരിശീലന കാലയളവിൽ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽപങ്കെടുക്കുന്നതിന് അപേക്ഷിച്ചിരുന്നോ? | : | |
| 7. | ഹാജർ കുറയുവാനുള്ള കാരണം | : | |
| 8. | ടി കാരണം സമർത്ഥിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള രേഖകൾ. (രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | | |

### സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളെല്ലാം സത്യമാണെന്നും ഹാജർ കുറയുവാനുള്ള കാരണത്തിനായി സമർപ്പിച്ചിട്ടുള്ള രേഖകളെല്ലാം യഥാർത്ഥമാണെന്നും ബോധിപ്പിക്കുന്നു. ഈ അപേക്ഷ എനിക്ക് പുന:പ്രവേശനം ഉറപ്പാക്കുന്നില്ലെന്ന് അറിവുള്ളതാണെന്നും, പുന: പ്രവേശനം ലഭിയ്ക്കുന്ന ഏതു ഐ.ടി.ഐ.യിലും പരിശീലനം നേടാൻ ഞാൻ തയ്യാറാണെന്നും ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം: അപേക്ഷകന്റെ പേരും ഒപ്പും
തീയതി :

**പ്രിൻസിപ്പാളിന്റെ പരിശോധനാ റിപ്പോർട്ട്**

| | | | |
|---|---|---|---|
| 1. | അഡ്മിഷൻ ക്ലോസിംങ് റിപ്പോർട്ടിലെ അപേക്ഷകന്റെ ക്രമ നമ്പർ. (അപേക്ഷകൻപഠിച്ചിരുന്ന ട്രേഡിലെ അഡ്മിഷൻ ക്ലോസിംങ് റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്) | | |

| | | | |
|---|---|---|---|
| 2. | അപേക്ഷകന് പരിശീലന കാലയളവിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ഹാൾ ടിക്കറ്റ് അനുവദിച്ചിട്ടുണ്ടോ? (ഉണ്ടെങ്കിൽ റോൾ നമ്പർ, മാസം, വർഷം എന്നിവ രേഖപ്പെടുത്തേണ്ടതാണ്) | | |
| 3. | ആകെ അദ്ധ്യയന ദിവസങ്ങൾ | : | |
| 4. | ഹാജരായ ദിവസങ്ങൾ (സി.ഒ.ഇ. ട്രേഡ് ആണെങ്കിൽ ഓരോ ബേസിക് മൊഡ്യൂളിലും ഹാജരായ ദിവസങ്ങൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്) പ്രോഗ്രസ്സ് കാർഡിന്റെ പകർപ്പ് ഉൾപ്പെടുത്തുക. | : | |
| 5. | ഹാജർ ശതമാനം (ഓരോ മൊഡ്യൂളിലേയും പ്രത്യേകം രേഖപ്പെടുത്തണം) | : | |
| 6. | 80% ഹാജർ ലഭിയ്ക്കുന്നതിന് ഹാജരാകേണ്ട ദിവസങ്ങൾ (ഓരോ മൊഡ്യൂളിലേയും പ്രത്യേകം രേഖപ്പെടുത്തണം) | : | |
| 7. | പുന:പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്ന ട്രേഡിലെ ഒഴിവ് (സൂപ്പർ ന്യൂമററി ഉൾപ്പെടെ) | : | |
| 8. | ട്രെയിനിയുടെ പഠന സ്വഭാവം | : | |
| 9. | പ്രിൻസിപ്പാളിന്റെ ശുപാർശ | : | |
| 10. | ഈ ട്രേഡിൽ അപേക്ഷകൻ ഉൾപ്പെടെ എത്ര പേരെ ശുപാർശ ചെയ്തിട്ടുണ്ട്? | | |

സ്ഥലം:

തീയതി: പ്രിൻസിപ്പാളിന്റെ ഒപ്പ്

*(ഓഫീസ് സീൽ)*

കുറിപ്പ്:- പുന:പ്രവേശനത്തിന് അപേക്ഷ ലഭിച്ചിട്ടുള്ള ട്രേഡുകളിലെ ഇപ്പോൾ നിലവിലുള്ള ബാച്ചിന്റെ അഡ്മിഷൻ ക്ലോസ്സിംങ് റിപ്പോർട്ടിന്റെ പകർപ്പ്, ഈ പകർപ്പിൽ ഏതൊക്കെ സീറ്റുകളിൽ എന്നു മുതൽ എങ്ങനെ ഒഴിവു വന്നുവെന്നും അതാത് സീരിയൽ നമ്പരിനു നേരെ കാണിക്കേണ്ടതാണ്. ഈ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഡി/30.10